(ബി) നിയമനത്തിൽ സംവരണ തത്വം പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഒരു ജില്ലയിൽ താമസിക്കുന്ന അപേക്ഷകന് മറ്റു യോഗ്യതകൾ ഉണ്ടെങ്കിൽ അന്യ ജില്ലയിലെ ഫോറങ്ങളുടെ അദ്ധ്യക്ഷനോ, അംഗമോ ആയി നിയമിക്കപ്പെടുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ജില്ലകളിലെ ഫോറങ്ങളിലും സംസ്ഥാന ഫോറത്തിലും ഇപ്പോൾ ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനും ഫോറങ്ങൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരത്ത് സംസ്ഥാന കമ്മീഷനും ജില്ലാ ഫോറത്തിനുമായും ഇടുക്കിയിൽ ജില്ലാ ഫോറത്തിനും, എറണാകുളത്ത് സംസ്ഥാന കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗിനും ജില്ലാ ഫോറത്തിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടങ്ങൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പത്തനംതിട്ട, കണ്ണൂർ, വയനാട്, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട്, മലപ്പുറം ജില്ലാ ഫോറങ്ങൾക്ക് അതാത് കളക്ടറേറ്റുകളിൽ സൗകര്യപ്രദമായ കെട്ടിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസ് ഉപകരണങ്ങൾ, നിയമപുസ്തകങ്ങൾ, ഫോട്ടോ കോപ്പിയറുകൾ എന്നിവ എല്ലാ ഫോറങ്ങൾക്കും നൽകിയിട്ടുണ്ട്. സംസ്ഥാന കമ്മീഷനും ജില്ലാ ഫോറങ്ങൾക്കും കമ്പ്യൂട്ടറുകളും ഫാക്സ് മെഷീനുകളും ലഭ്യമാക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുസരിച്ചാണ് ഉപഭോക്തൃ കോടതികളിൽ നിയമനം നടത്തുന്നത്. സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തിവരുന്നത്.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ ഫോറങ്ങളിൽ പ്രസിഡന്റിന്റേയും; പത്തനംതിട്ട, വയനാട്, മലപ്പുറം എന്നീ ജില്ലാ ഫോറങ്ങളിലും സംസ്ഥാന കമ്മീഷനിലും ഓരോ മെമ്പർമാരുടേയും ഒഴിവുകളാണ് ഇപ്പോഴുള്ളത്.

സാംസ്കാരിക വകുപ്പിന് സർക്കാർ സാമ്പത്തിക സഹായം

63 [378] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്ക്കാരിക വകുപ്പിനു കീഴിൽ ഏതെങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ പ്രത്യേക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തു തുക വീതം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നു എന്ന് പ്രത്യക്ഷ ബോധ്യമുള്ളവയും ഇൻഡ്യൻ ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കാത്തതും നാടൻകലകളെയും ക്ലാസ്സിക് കലകളെയും പ്രാചീന കലകളെയും പ്രോത്സാഹിപ്പിക്കുന്നതുമായ സംഘടനകൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകിവരുന്നത്.

കേരളത്തിലെ പ്രാചീനകലകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

64 [379] ഡോ എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാചീനകലകളെയും സാഹിത്യത്തേയും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സാംസ്ക്കാരിക വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അമൂല്യമായ പ്രാചീന സാഹിത്യ സമ്പത്തായ തെക്കൻപാട്ടുകൾ സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ കണ്ടെടുത്ത് സംരക്ഷിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ കേരള ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം, കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി എന്നിവ കേരളത്തിലെ പ്രാചീനകലകളേയും സാഹിത്യത്തേയും സംരക്ഷിക്കുവാൻ കൈക്കൊള്ളുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly